# പതിനാലാം കേരള നിയമസഭ
# നാലാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 3771
# 15.03.2017 ലെ മറുപടിക്ക്

**എം. എൽ. എ. മാരുടെ അസ്സറ്റ് ഡെവലപ്മെന്റ് ഫണ്ട്**

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | | ഉത്തരം<br>ശ്രീ.കെ.എൻ.ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ.മാരുടെ അസറ്റ് ഡെവലപ്മെന്റ് ഫണ്ടിന് നിർദ്ദേശം നൽകി കഴിഞ്ഞാലും തുടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ടെണ്ടർ ചെയ്യാൻ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട്. ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | 2011 -16 കാലയളവിൽ 141 എം.എൽ.എ.മാർക്ക് അനുവദിച്ച 2525 കോടി രൂപയിൽ എത്ര കോടി രൂപ 2017 മാർച്ച് ഒന്നു വരെ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ; | ആസ്തി വികസന പദ്ധതി ആരംഭിക്കുന്നത് 2012 -13 സാമ്പത്തിക വർഷത്തിലാണ്. 2012 -13 സാമ്പത്തിക വർഷം മുതൽ 2015 -16 സാമ്പത്തിക വർഷം വരെ 2252.80139 കോടി രൂപയുടെ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഒരു പ്രവർത്തി പൂർത്തീകരിച്ച ആയതിന്റെ ബില്ല് ഏത് സാമ്പത്തിക വർഷത്തിലാണോ സമർപ്പിക്കുന്നത്, ആ സാമ്പത്തിക വർഷത്തിലെ പ്രസ്തുത പ്രവർത്തിയുമായി ബന്ധപ്പെട്ട ചെലവ് ശീർഷകത്തിന്റെ DDO ബില്ല് മാറി നൽകുന്നതാണ് നിലവിലെ രീതി. |
| (സി) | 2016 -17 കാലയളവിൽ ഈ പദ്ധതിയിൽ ഇതിനോടകം എത്ര കോടി രൂപക്ക് ഭരണാനുമതി നൽകിയെന്ന് അറിയിക്കുമോ? | 2016 -17 കാലയളവിൽ ആസ്തി വികസന പദ്ധതിയിൽ ഇതിനോടകം 658.2274 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

**അക്കൗണ്ട്സ് ഓഫീസർ**